**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1277 — 03.10.2016 ൽ മറുപടിക്ക്

## ഐ.ടി. നയം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ആർ. രാമചന്ദ്രൻ** | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** |

(എ) ഐ.ടി.നയം പ്രഖ്യാപിച്ചിട്ടുണ്ടോ; ഐ.ടി. മേഖലയിൽ ഈ വർഷം എത്ര തൊഴിൽ 'സാദ്ധ്യതകൾ സൃഷ്ടിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്;

(എ) പുതിയ സമഗ്ര ഐ.ടി. നയം രൂപീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ഐ.ടി. മേഖലയിൽ സൈബർപാർക്ക്, ടെക്നോപാർക്ക് എന്നിവിടങ്ങളിലായി ഈ വർഷം ഉദ്ദേശം പുതിയ 9000 തൊഴിൽ സാദ്ധ്യതകൾ സൃഷ്ടിക്കാനാകും. കൂടാതെ പുതിയ ഐ.ടി. നയം രൂപീകരിക്കുന്ന മുറയ്ക്ക് ഐ.ടി. പാർക്കുകളിൽ കൂടുതൽ സ്ഥല സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും പ്രസ്തുത ഐ.ടി. നയം പ്രാവർത്തികമാക്കുന്നതിനും ആനുപാതികമായി മേൽപറഞ്ഞതിലും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിക്കുന്നതാണ്.

(ബി) തിരുവനന്തപുരം ടെക്നോപാർക്ക് ഇനിയും വികസിപ്പിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദമാക്കുമോ;

(ബി) തിരുവനന്തപുരം ടെക്നോപാർക്കിന്റെ പദ്ധതികൾ ഘട്ടം ഘട്ടമായാണ് നടപ്പിലാക്കി വരുന്നത്. ടെക്നോപാർക്കിന്റെ ഒന്നാം ഘട്ടം പൂർണ്ണമായും പ്രവർത്തനക്ഷമമാണ്. 86 ഏക്കർ 'പ്രത്യേക സാമ്പത്തിക മേഖല' (SEZ) പദവിയിലുള്ള രണ്ടാം ഘട്ടത്തിൽ, ഇൻഫോസിസ് ലിമിറ്റഡ്, യു.എസ്.റ്റി. ഗ്ലോബൽ എന്നീ കമ്പനികൾ അവരുടെ വികസന പദ്ധതികൾ നടപ്പിലാക്കി വരുന്നു. ടെക്നോപാർക്കിന്റെ മൂന്നാം ഘട്ടത്തിൽ ഭൂമി

നൽകിയ ഏഴ് ഐ.ടി. കമ്പനികൾ അവരുടെ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ ഉടനെ ആരംഭിക്കും. കൂടാതെ ഇവിടെ ഐ.ടി.-കൊമേർഷ്യൽ വ്യവസായ സംരംഭങ്ങൾ ഉൾപ്പെട്ട "ടോറസ് ഡൗൺ ടൗൺ" പദ്ധതിക്കായി 19.73 ഏക്കർ ഭൂമി ടോറസ് ഗ്രൂപ്പിന് നൽകാനായി മുൻ സർക്കാരിന്റെ കാലത്ത് തീരുമാനിച്ചതനുസരിച്ച് ടെക്നോപാർക്കും ടോറസ് ഗ്രൂപ്പുമായി 30.09.2015-ൽ ഒരു ഫ്രെയിം വർക്ക് എഗ്രിമെന്റ് ഒപ്പുവെച്ചിട്ടുണ്ട്. പദ്ധതി നടപ്പിലാക്കാനുള്ള തുടർ നടപടികൾ ചെയ്തു വരുന്നു. ടെക്നോപാർക്കിന്റെ മറ്റൊരു വലിയ പദ്ധതിയായി ഏകദേശം 424 ഏക്കറിലുള്ള ടെക്നോസിറ്റി പദ്ധതി ഏറ്റെടുത്തിട്ടുണ്ട്. ഈ പദ്ധതി പ്രകാരം അഞ്ച് കമ്പനികൾക്ക് ഭൂമി അനുവദിച്ചിട്ടുണ്ട്. ഇതിൽ 97 ഏക്കറിൽ ഏകദേശം 3600 കോടി രൂപ മുതൽമുടക്കിൽ ടി.സി.എസ്. നിർമ്മിക്കുന്ന ഗ്ലോബൽ ട്രെയിനിംഗ് സെന്ററിന്റെ പ്രാരംഭഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. അതു പോലെ സൺടെക് ബിസിനസ് സൊല്യൂഷൻസ്, ഐ.ഐ.ഐ.ടി.എം.കെ. (IIITMK) എന്നീ സ്ഥാപനങ്ങളും അവരുടെ പ്രാരംഭഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കൊല്ലം ടെക്നോപാർക്കിലെ ഒരു ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണത്തിൽ നിർമ്മാണം പൂർത്തിയാക്കിയതും 'പ്രത്യേക സാമ്പത്തിക മേഖല' (SEZ) പദവി നൽകിയിട്ടുള്ളതുമായ "അഷ്ടമുടി" ഐ.ടി. കെട്ടിടത്തിൽ ബാക്കിയുള്ള ഏകദേശം 35,600 ചതുരശ്ര അടി സ്ഥലം കൂടുതൽ ഐ. ടി. കമ്പനികൾക്ക് നൽകുന്നതിനുള്ള നടപടികൾ ടെക്നോപാർക്ക് സ്വീകരിച്ചു വരുന്നു.

| | | |
|---|---|---|
| (സി) | ഐ.ടി. മേഖലയിൽ പുതിയ (സി) പദ്ധതികൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ? | ഐ.ടി. മേഖലയിൽ നടപ്പിലാക്കി വരുന്ന/ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഇവയെല്ലാമാണ്:-<br>i. നാഷണൽ ഇൻഫർമേഷൻ ഇൻഫ്രാസ്ട്രക്ചർ<br>ii. ഭാരത് നെറ്റ്<br>iii. സംസ്ഥാനത്തെ സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾ (SPC) മുഖേനയുള്ള ഡിജിറ്റൽ എംപവർമെന്റ് പദ്ധതി.<br>iv. 'മൊബൈൽ ഗവേണൻസ്' പദ്ധതി വഴി പൊതു ജനങ്ങൾക്ക് സേവനം ലഭ്യമാക്കൽ.<br>V. സെക്യൂരിറ്റി ഓപ്പറേഷൻസ് സെന്റർ.<br>കൂടാതെ കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (KIIFB) ധനസഹായത്തോടെ താഴെപ്പറയുന്ന പദ്ധതികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>• കൊച്ചി ഇന്നവേഷൻ സോണിൽ 3.4 ലക്ഷം ച.അടി കെട്ടിടങ്ങൾ .<br>• ടെക്നോസിറ്റിയിൽ 2 ലക്ഷം ച. അടി വരുന്ന ആദ്യത്തെ കെട്ടിടം.<br>• കേരളത്തിലെ എഞ്ചിനീയറിംഗ് കോളേജുകളെ ഐ.ടി. പാർക്കുകളുമായി ടെലിപ്രസൻസ് നെറ്റ് വർക്ക് വഴി പരസ്പരം ബന്ധിപ്പിക്കൽ .<br>യുവജനസംരംഭകത്വ വികസന പരിപാടിയിൻ കീഴിൽ ഉൾപ്പെടുത്തി ഐ.ടി. മേഖലയിൽ പ്രാഥമിക തലം മുതൽ സമഗ്ര വികസനം കൊണ്ടു വരുന്നതിനും ലക്ഷ്യമിട്ടിട്ടുണ്ട്.<br>കൂടാതെ പുതിയ ഐ.ടി. നയം വരുന്ന മുറക്ക്, ആയതിനനുസരിച്ച് പുതിയ പദ്ധതികൾ തുടങ്ങാൻ കഴിയുന്നതാണ്. |

Manoharan

സെക്ഷൻ ഓഫീസർ